"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2024-25 - അനുബന്ധം II വാല്യം II ക്രമ നമ്പർ 1755 - തൃശ്ശൂർ, കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ **കാര 60 ആം കോളനി റോഡ് -കാന നിർമ്മാണം** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.433/2026/LSGD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:- 1) 24.05.2025-ലെ സ.ഉ.(സാധാ.) നം.46621/2025/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.12.2025-ലെ LSGD/PD/34691/2025-EW5-നമ്പർ കത്ത്

ഉത്തരവ്

2024-25-വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ 1755 പ്രകാരം 2 കോടി രൂപ അടങ്കൽ തുക കണക്കാക്കി, 20% പ്രൊവിഷനും അനുവദിച്ച കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ **കാര 60-ആം കോളനി റോഡ്- കാന നിർമ്മാണം** എന്ന പ്രവൃത്തിയുടെ നിർവഹണ ഏജൻസി പൊതുമരാമത്ത് വകുപ്പിൽ നിന്നും മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകികൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് DSR 2021 റേറ്റിൽ തയ്യാറാക്കിയതും PRICE-3 മുഖേന അംഗീകാരം നൽകിയതുമായ 99,50,000/- രൂപയുടെ വിശദമായ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയമസഭാ മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"കാര 60 കോളനി റോഡ്-കാന നിർമ്മാണം"** എന്ന പ്രവൃത്തിക്ക് C.T.E.-യുടെ ചുവടെ പറയുന്ന Remarks-ന് വിധേയമായി 99,50,000/- രൂപയുടെ ( തൊണ്ണൂറ്റൊമ്പത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## Remarks

1. The Chief Engineer shall ensure that the works proposed in the estimate shall satisfy the functional requirements as envisaged;
2. The working chainages shall be verified by the T.S. authority, who shall also ensure the structural stability of the existing supporting wall

during the drain works;

3. T.S. authority shall ensure the correctness of the rates adopted for observed data provided in the estimates and the quality of materials during the time of execution.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3378248/DEV-3/3/2026-Fin dated 11.02.2026) (AS/LGD/25/48863)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/903/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 19-02-2026 16:44:52